LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രധാന കാരണം ഗവൺമെന്റിന് ഒരു ക്രൈറ്റീരിയ ഉണ്ട്. ഈ ഗൈഡ് ലൈനിൽ പറയുന്നത്, ഷീറ്റിട്ട വീടുകൾക്ക് പണം നൽകില്ലെന്നാണ്. ഇത് പുനഃപരിശോധിക്കണം. അതുകൊണ്ട് ഷീറ്റിട്ട വീടുകൾക്കുകൂടി പണം കൊടുക്കണം. പാവപ്പെട്ട വീട്ടുകാർ പണം കടമെടുത്ത് വീട് വച്ച് ഷീറ്റിട്ടാൽ അവർക്ക് തുക മാറികൊടുക്കുന്നില്ല. അതുകൊണ്ട് ഓടിട്ടതും കോൺക്രീറ്റ് ഇട്ടതുമായ കെട്ടിടങ്ങൾക്കുപുറമെ ഷീറ്റിട്ട വീടുകൾകൂടി പരിഗണിക്കണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞ കാര്യം കൂടി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിലാളികളുടെ സുരക്ഷ

4 (*214) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ, അവർക്ക് ന്യായമായ ചികിത്സാ സൗകര്യം, നഷ്ടപരിഹാരം എന്നിവ അടിയന്തരമായി ലഭ്യമാക്കാൻ എന്തൊക്കെ നിയമ വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും അവ നടപ്പാക്കാനുള്ള സംവിധാനമെന്തെന്നും വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ പരിപാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടിയുണ്ടാവുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പുവരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പരിശോധനകൾ നടത്താറുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്പ്രാഡ് പരിശോധനകളും നടത്തിവരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ. തുടങ്ങിയ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താറുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കേരള മുനിസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഇത്തരം പരിശോധനകൾവഴി തൊഴിലിടങ്ങളിലെ തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നതും അതുവഴി തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതുമാണ്.

(ബി) തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങളെത്തുടർന്ന് തൊഴിലാളിക്ക് അപകടമോ മരണമോ സംഭവിച്ചാൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമയിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ ആശ്രിതർക്കോ പരിക്കേറ്റ വ്യക്തിക്കോ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ കേസ് ഹയൽ ചെയ്യാവുന്നതാണ്. മരംകയറ്റ തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് അപകടം പറ്റിയാൽ 25,000 (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും മരണമടഞ്ഞാൽ 50,000 (അൻപതിനായിരം) രൂപയും നൽകുന്ന ഒരു സ്കീം നിലവിലുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിൽ നിലവിലുള്ള പദ്ധതികൾ പ്രകാരവും അതാത് ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ബോർഡ് വഴി നൽകിവരുന്ന ഇത് സംബന്ധിച്ച ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 57 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 26 പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

കേരളത്തിന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്)

5 (*215) ശ്രീ. എം ചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) അനുവദിക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിരുന്നോ ;

(ബി) എയിംസ് അനുവദിക്കാനായി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(സി) ഈ സ്ഥാപനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ; അതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) :

(എ) കേരളത്തിന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കേണ്ടതില്ല എന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെട്ടുകയും

LIBRARY ARCHIVES Kerala Legislative Assembly